## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3805 — 17.10.2011 ൽ മറുപടിക്ക്

### വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ യാത്രാ സൗജന്യം അനുവദിക്കുന്നത് ; | (എ) സർക്കാർ, അർദ്ധസർക്കാർ, സ്വാശ്രയ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാരലൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യുടെ ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്. |
| (ബി) എല്ലാ റൂട്ടുകളിലേയ്ക്കും യാത്രാ സൗജന്യം അനുവദിക്കുന്നുണ്ടോ ; എങ്കിൽ യാത്രാ സൗജന്യം അനുവദിക്കുന്ന റൂട്ടുകളുടെ പ്രത്യേകത എന്താണ് ; | (ബി) കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചുവരുന്നുണ്ട്. |
| (സി) പുതുതായി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ? | (സി) പാഠ്യവിഷയവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അംഗീകാര പത്രങ്ങളുടെ പകർപ്പ് സഹിതം പഠന സ്ഥാപനത്തിലെ പ്രധാന അധ്യാപകൻ കെ.എസ്.ആർ.ടി.സി.യുടെ മുഖ്യ കാര്യാലയത്തിൽ അപേക്ഷിക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് യോഗ്യമാണെങ്കിൽ യാത്രാ സൗജന്യം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ